**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 194** **15-10-2024 - ൽ മറുപടിയ്ക്ക്**

**മൺപാത്ര നിർമ്മാണമേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മൺപാത്ര നിർമ്മാണമേഖല കടുത്ത പ്രതിസന്ധി നേരിടുന്ന വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കളിമണ്ണിന്റെ ലഭ്യതക്കുറവാണ് ഈ മേഖല അനുഭവിക്കുന്ന വലിയ പ്രതിസന്ധി. കൂടാതെ കളിമണ്ണ് കൊണ്ടുപോകുന്നതിനുള്ള നിയമപരമായ പ്രശ്നങ്ങൾ, യന്ത്രവൽക്കരണത്തിന്റെ അഭാവം, വിപണന സൗകര്യങ്ങളുടെ കുറവ്, ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കളിമൺ പാത്രങ്ങളുടെ വരവ് തുടങ്ങിയ പ്രശ്നങ്ങളും ഈ മേഖലയിലെ തൊഴിലാളികൾ നേരിടുന്നുണ്ട്. |
| (ബി) | അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവും ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള പാത്രങ്ങളുടെ വരവും ഉൾപ്പെടെ ഈ മേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ആധുനികവൽക്കരണത്തിനും വൈവിധ്യവൽക്കരണത്തിനുമുള്ള ധനസഹായം പിന്നാക്ക വിഭാഗ വികസന വകുപ്പ്, മൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപറേഷൻ എന്നിവയിലൂടെ ലഭ്യമാക്കുന്നതിന് സർക്കാർ നടപടികൾ എടുത്തിട്ടുണ്ട്. കളിമണ്ണ് അടക്കമുള്ള അസംസ്കൃത വിഭവങ്ങളുടെ ലഭ്യത പ്രധാന പ്രശ്നമാണ്.<br><br>2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106(5) പ്രകാരം പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്കും, അവരുടെ സഹകരണ സംഘങ്ങൾക്കും അതാത് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജരോ, അധികാരപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ നൽകുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്ന പക്ഷം ഒരു വർഷത്തേക്ക് 50 ടൺ കളിമണ്ണ് റോയൽറ്റി ഒടുക്കാതെ ഖനനം ചെയ്ത് കൊണ്ടുപോകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്പെഷ്യൽ ട്രാൻസിറ്റ് പാസ്സ് നൽകുന്നതാണ്.<br><br>കൂടാതെ വ്യവസായ വകുപ്പിന്റെ "ആശ" പോലുള്ള പദ്ധതിയിൽ ആർട്ടിസാൻ കാർഡ് ഉള്ളതിനാൽ |

| | | | |
|---|---|---|---|
| | | | തന്നെ ഈ വിഭാഗത്തിന് ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. ഈ വിഭാഗങ്ങളുടെ സാമൂഹ്യ വിദ്യാഭ്യാസ അവസ്ഥ വളരെ പിന്നാക്കമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ടി വിഭാഗങ്ങൾക്കായി പ്രത്യേകം 2 പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br><br>മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ആധുനിക രീതികളിലുള്ള ഉൽപ്പന്ന നിർമ്മാണത്തെക്കുറിച്ച് പരിശീലനം നൽകാനും, ആധുനീകരണത്തിനും യന്ത്രവൽക്കരണത്തിനും വർക്ക് ഷെഡ്ഡുകളുടെയും ചിമ്മിനികളുടെയും നിർമ്മാണത്തിനും നവീകരണത്തിനും ആവശ്യമായ സാമ്പത്തിക സഹായം നൽകാനുമാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാത്ത ഓരോ ഗുണഭോക്താവിനും 2 തവണകളിലായി പരമാവധി 50,000/- രൂപ വീതം നൽകുന്നു.<br><br>പിന്നാക്ക വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളായ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിയ്ക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കുംഭാര നഗർ അടിസ്ഥാന സൗകര്യ വികസന പദ്ധതി. നഗർ/സങ്കേതത്തിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്. പൊതുവായ വർക്ക് ഷെഡ്, പൊതുവായ മണ്ണരക്കുന്ന യന്ത്രം, പൊതു ചൂള, പൊതു മാർക്കറ്റ്, മൊബൈൽ വിപണന യൂണിറ്റ്, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള സൗകര്യം, കമ്മ്യൂണിറ്റി ഹാൾ, ഗ്രന്ഥശാല. നഗറുകളിലേക്കുള്ള റോഡ്, നടപ്പാത, മണ്ണ് സംരക്ഷണം, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതി എന്നിവയ്ക്കാണ് തുക അനുവദിക്കുന്നത്. |
| (സി) | മൺപാത്ര നിർമ്മാണം പരമ്പരാഗത വ്യവസായമായി അംഗീകരിക്കുന്നതിനും മൺപാത്ര വിപണനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഈ മേഖലയിലുള്ള സംരംഭകർക്ക് വിപണനത്തിനുള്ള സഹായം നൽകുന്നതിന് കേരള സ്റ്റേറ്റ് പോട്ടറി മാനുഫാക്ചറിംഗ് മാർക്കറ്റിംഗ് ആന്റ് വെൽഫെയർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.എസ്.പി.എം.എം.ഡബ്ല്യു.ഡി.സി) മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പരിശീലനങ്ങൾ, ഉത്പന്ന പ്രദർശനം/വിപണന മേളകൾ എന്നിവ നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ